## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 6324 — 03.04.2018-ൽ മറുപടിക്ക്

## വയനാട് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗക്കാരുടെ പ്രശ്നങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഒ. ആർ. കേളു : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | വയനാട് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗക്കാരിൽ മാനസികരോഗം വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) | ഇല്ല. |
| ബി) | വയനാട് ജില്ലയിൽ പട്ടികവർഗ്ഗ വിഭാഗക്കാർ കൂടുതലായി ആത്മഹത്യ ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ഇല്ല. |
| സി) | ഇത് സംബന്ധിച്ചുള്ള കണക്കുകൾ വകുപ്പിന്റെ കൈവശം ലഭ്യമാണോ; | സി) | വിവരം ശേഖരിച്ചു വരുന്നു. |
| ഡി) | ആദിവാസി കോളനികളിലെ ലഹരി ഉപയോഗം കുറയ്ക്കുന്നതിന് കൗൺസിലിംഗ് ഉൾപ്പെടെയുള്ള നടപടികൾ നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ? | ഡി) | പട്ടികവർഗ്ഗ കോളനികളിലെ ലഹരി ഉപയോഗം കുറയ്ക്കുന്നതിനും അമിത മദ്യപാനം തടയുന്നതിനുമായി വകുപ്പ് നിരവധി പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. എക്സൈസ് വകുപ്പിന്റെ സഹായത്തോടെ കോളനികളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കാറുണ്ട്. കൂടാതെ കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ, എസ്.ടി. പ്രൊമോട്ടർമാർ, എസ്.പി.സി, ആശാവർക്കർമാർ, ആരോഗ്യ പ്രവർത്തകർ തുടങ്ങിയവരുടെ സഹായത്തോടെ ലഹരി വിമുക്ത ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ കൗൺസിലിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കാറുണ്ട്. വയനാട് ജില്ലയിൽ ഒരു ഡി-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണ പരിപാടിയുടെ ഭാഗമായി ലഹരി ഉപയോഗത്തിനെതിരെ ബോധവത്ക്കരണം നടത്തുന്നതിനായി ഊരു മൂപ്പന്മാർ, പ്രൊമോട്ടർമാർ എന്നിവർക്കായി സെമിനാർ സംഘടിപ്പിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ